"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - കൊല്ലം ചൊവ്വല്ലൂർ സെന്റ് ജോർജ്ജ് വി.എച്ച്.എസ്.എസ്.ലെ വൊക്കേഷണൽ ടീച്ചർ ഇൻ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് ആയ ശ്രീമതി.സൂസൻ ജോർജ്ജ് ഫയൽ ചെയ്ത WP(C)No.39299/2023-മേൽ ബഹു.ഹൈക്കോടതി 27.11.2023 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2620/2024/GEDN തീയതി, തിരുവനന്തപുരം, 10-04-2024**

---

പരാമർശം:-

1. ശ്രീമതി. സൂസൻ ജോർജ്ജ് സമർപ്പിച്ച 25.10.2023-ലെ റിവിഷൻ ഹർജി (Ext P5)
2. WP(C)No.39299/2023-മേൽ ബഹു. ഹൈക്കോടതി 27.11.2023 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം
3. പൊതുവിദ്യാഭ്യാസ (തൊഴിലധിഷ്ഠിത ഹയർ സെക്കൻ ഡറി വിഭാഗം) ഡയറക്ടറുടെ 16.01.2024- ലെ ഇ.3/6680/2023 നമ്പർ കത്ത്
4. അസിസ്റ്റന്റ് ഡയറക്ടർ, തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി കാര്യാലയത്തിന്റെ 17.01.2024-ലെ എൽ.1/2180/2023 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം ചൊവ്വല്ലൂർ സെന്റ് ജോർജ്ജ് വി.എച്ച്.എസ്.എസ്.ലെ വൊക്കേഷണൽ ടീച്ചർ ഇൻ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് ആയ ശ്രീമതി. സൂസൻ ജോർജ്ജ് ഫയൽ ചെയ്ത WP(C)No.39299/2023-മേൽ ബഹു. ഹൈക്കോടതി 27.11.2023 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാരിയെയും 5-ാം എതിർകക്ഷിയായ കോർപ്പറേറ്റ്

മാനേജരെയും കേൾക്കുന്നതിനും; EXT P6 (G.O.(Rt)No. 3310/2023/GEDN dated 07.06.2023), EXT P7 (Order No. E3/3578/2020 dated 25.10.2021 of the DGE) എന്നിവയുടെ അടിസ്ഥാനത്തിൽ EXT P5(Revision Petition dated 25.10.2023) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 18.01.2024 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരിയായ ശ്രീമതി. സൂസൻ ജോർജ്ജിന്റെ അപേക്ഷ ഇപ്രകാരമാണ്:**

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 27/11/2023-ലെ WP(C)No.39299/2023 വിധിന്യായത്തിൽ, ഞാൻ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി മുൻപാകെ 25/10/2023-ന് എക്സിബിറ്റ് പി.5 ആയി സമർപ്പിച്ച ഹർജി, സമാന കേസുകളിൽ സർക്കാർ പുറപ്പെടുവിച്ചതും റിട്ട് പെറ്റീഷനിൽ എക്സിബിറ്റ് P6 ആയും എക്സിബിറ്റ് P 7 ആയും സമർപ്പിച്ചിട്ടുള്ള എന്റെ സ്കൂളിലെ തന്നെ മറ്റൊരു അദ്ധ്യാപികയ്ക്കും എന്റെ സ്കൂളിന്റെ അടുത്തായി സ്ഥിതി ചെയ്യുന്ന ഉമ്മന്നൂർ സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ മറ്റൊരു അദ്ധ്യാപികയ്ക്കും അനുകൂലമായി ബഹുമാനപ്പെട്ട സർക്കാരും, വിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് ഉത്തരവാകണം എന്ന് നിർദ്ദേശിച്ചിരുന്നു.

കൊല്ലം ജില്ലയിലെ ചൊവ്വള്ളൂർ സെന്റ് ജോർജ്ജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഡൊമസ്റ്റിക് നഴ്സിംഗ് വിഭാഗം വൊക്കേഷണൽ ടീച്ചർ ആയിരുന്ന ശ്രീമതി സ്വപ്ന എം. പണിക്കർ വിദേശത്ത് പോകാനായി 1/8/2008 മുതൽ 31/7/2013 വരെ ദീർഘകാല അവധി എടുത്ത ഒഴിവിൽ 29/1/2013-ലാണ് ഞാൻ ആദ്യമായി സർവീസിൽ പ്രവേശിച്ചത്. പ്രസ്തുത നിയമനം അന്നത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം ഡയറക്ടർ എക്സിബിറ്റ് P1 (Proceedings Order No. E3/8120/2012 dated 15.04.2013) പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. അതിനുശേഷം ശ്രീമതി സ്വപ്ന എം. പണിക്കർ (ഡൊമസ്റ്റിക് നേഴ്സിങ് വിഭാഗം വൊക്കേഷണൽ ടീച്ചർ) അവരുടെ വിദേശത്ത് കഴിയാനുള്ള ദീർഘകാല അവധി 1/8/2013 മുതൽ 31/7/2018 വരെ ദീർഘിപ്പിക്കുകയും പ്രസ്തുത ഒഴിവിൽ എനിക്ക് വീണ്ടും നിയമനാംഗീകാരം (Proceedings Order No. E3/8120/2012 dated

15.04.2014 പ്രകാരം) നൽകുകയും ചെയ്തിരുന്നു. 1/8/2018 മുതൽ 31/7/2023 വരെ ശ്രീമതി സ്വപ്ന എം.പണിക്കർ വിദേശത്ത് കഴിയാനുള്ള അവധി വീണ്ടും ദീർഘിപ്പിക്കുകയും പ്രസ്തുത ഒഴിവിൽ 1/8/2018 മുതൽ 31/7/2023 വരെ എക്സിബിറ്റ് P2 പ്രകാരം (Proceedings Order No. E3/9522/18 dated 18.09.2018) എനിക്ക് വീണ്ടും നിയമനാംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഞാൻ സർവീസിൽ തുടരവേ ഡൊമസ്റ്റിക് നഴ്സിംഗ് വിഭാഗം വൊക്കേഷണൽ ടീച്ചർ ആയിരുന്ന ശ്രീമതി സ്വപ്ന എം.പണിക്കർ 1/8/2023 മുതൽ ചൊവ്വല്ലൂർ സെന്റ് ജോർജ്സ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും അവരുടെ സ്വന്തം താല്പര്യ പ്രകാരം രാജിവെക്കുകയും പ്രസ്തുത രാജി നിയമന അധികാരിയായ മാനേജർ അംഗീകരിക്കുകയും ചെയ്തു.

ഡൊമസ്റ്റിക് നേഴ്സിംഗ് വിഭാഗം വൊക്കേഷണൽ ടിച്ചർ ആയിരുന്ന ശ്രീമതി സ്വപ്ന എം. പണിക്കർ രാജിവച്ച് പോയതുമൂലം ഉണ്ടായ സ്ഥിരം ഒഴിവിൽ 1/8/2023 മുതൽ ഡൊമസ്റ്റിക് നേഴ്സിംഗ് വിഭാഗം വൊക്കേഷണൽ ടീച്ചർ ആയി (ഇപ്പോൾ വൊക്കേഷണൽ ടീച്ചർ ഇൻ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്) എന്നെ സ്ഥിരമായി നിയമിക്കുകയും നിയമന അംഗീകാരത്തിനായി എക്സിബിറ്റ് P3 (Proceedings Order No. 50/23 dated 31.07.2023 of the Manager MMC Corporate Management) പ്രകാരം പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അദ്ദേഹത്തിന്റെ എക്സിബിറ്റ് P4 (Letter No. E3/6680/2023 dated 13.10.2023) ഉത്തരവ് പ്രകാരം എന്റെ സ്ഥിരനിയമന അംഗീകാരം നിരസിക്കുകയുണ്ടായി. യഥാർത്ഥത്തിൽ എന്റെ തന്നെ സ്കൂളിലെ MRDA വിഭാഗത്തിലെ വൊക്കേഷണൽ ടീച്ചർ ആയ ശ്രീമതി ദിവ്യ എം.ആർ. എന്നെപ്പോലെ തന്നെ ദീർഘകാല അവധി ഒഴിവിൽ സർവീസിൽ പ്രവേശിക്കുകയും പിന്നീട് രാജിമൂലം സ്ഥിരം ഒഴിവ് വന്നപ്പോൾ അതേ തസ്തികയിൽ തന്നെ സ്ഥിരപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച എക്സിബിറ്റ് P6 (G.O.(Rt)No.3310/2023/Gedn dated 07.06.2023) പ്രകാരം അംഗീകാരം നേടുകയും ചെയ്തിരുന്നു. അതുപോലെ തന്നെ എന്റെ സ്കൂളിന് അടുത്തായി തന്നെ പ്രവർത്തിക്കുന്ന ഉമ്മന്നൂർ സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിലെ വൊക്കേഷണൽ ടീച്ചർ ശ്രീമതി സരിത ജോർജിനും വിദ്യാഭ്യാസ ഡയറക്ടർ തന്നെ അവരുടെ ദീർഘകാല അവധി ഒഴിവിലെ നിയമനം പിന്നീട് സ്ഥിരമായി എക്സിബിറ്റ് P7 (proceedings order no. E3 3578/2020 Dated 25.10.2021) പ്രകാരം യാതൊരു തടസ്സവും ഇല്ലാതെ അംഗീകരിച്ച

നൽകുകയും ഉണ്ടായിട്ടുണ്ട്.

മുകളിൽ പരാമർശിച്ച രണ്ട് കേസുകളിലെയും സമാനമായ സ്ഥിരം നിയമന അംഗീകാരം ആണ് എന്റെ കാര്യത്തിലും ഉള്ളത്. 1/8/2023 മുതൽ ഉണ്ടായിരുന്ന ദീർഘകാല അവധി ഒഴിവ് രാജിയെ തുടർന്ന് സ്ഥിരമായപ്പോൾ പ്രസ്തുത സ്ഥിരം ഒഴിവിൽ എന്റെ നിയമനം റെഗുലർ ആയി അംഗീകരിച്ചു നൽകണമെന്നാണ് എന്റെ Exhibit P5 പെറ്റീഷൻ പ്രകാരം ബഹുമാനപ്പെട്ട സർക്കാരിനോട് ഞാൻ അപേക്ഷിച്ചിട്ടുള്ളത്.

Exhibit P6 ഉത്തരവ് (G.O.(Rt)No. 3310/2023/Gedn dated 7/6/2023) സർക്കാർ പുറപ്പെടുവിച്ചത്, Exhibit P7 (Proceedings Order No. E3/3578/2020 dated 25/10/2021) എന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും, സമാന കേസുകളിൽ വ്യത്യസ്തമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് ശരിയായ സമീപനം അല്ല എന്ന വസ്തുതയും ഉദ്ധരിച്ചുകൊണ്ടാണ്. Exhibit P6 സർക്കാർ ഉത്തരവിന്റെ നാലാം ഖണ്ഡികയിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പറയുന്നു

സമാന സാഹചര്യത്തിൽ ഉള്ള രണ്ട് നിയമന അംഗീകാര വിഷയങ്ങളിൽ വ്യത്യസ്ത നിലപാട് എടുക്കുവാൻ സർക്കാരിന് കഴിയില്ല; മാത്രവുമല്ല ഉമ്മന്നൂർ സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ടീച്ചറായി 2/6/2019 മുതൽ തുടർന്നുവരുന്ന ശ്രീമതി സരിത ജോർജിന്റെ നിയമനം (Exhibit P7) റദ്ദാക്കിയാൽ അത് കൂടുതൽ നിയമവ്യവഹാരങ്ങൾക്ക് കാരണമായേക്കാം".

ഉമ്മന്നൂർ സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് വിഭാഗം വൊക്കേഷണൽ ടീച്ചർ ശ്രീമതി സരിത ജോർജിനും (Exhibit P7) എന്റെ തന്നെ സ്കൂളിലെ MRDA വിഭാഗം വൊക്കേഷണൽ ടീച്ചറായ ശ്രീമതി ദിവ്യ M.R.നും (Exhibit P6) അംഗീകാരം നൽകിയ സാഹചര്യത്തിൽ എന്റെ സ്ഥിരം വേക്കൻസിയിലെ നിയമന അംഗീകാരം നിഷേധിച്ച നടപടി ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന് വിരുദ്ധമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

"The state shall not deny any person equality before the law or equal protection of the laws within the territory of India".

മേൽ ഖണ്ഡികകളിൽ വിവരിച്ച പ്രകാരം എന്റെ തന്നെ സ്കൂളിലെ MRDA വിഭാഗം വൊക്കേഷണൽ ടീച്ചർ ശ്രീമതി ദിവ്യ MR.ന് 1/8/2018 മുതൽ ദീർഘകാല അവധി ഒഴിവിനെ തുടർന്ന് ഉണ്ടായ സ്ഥിരം ഒഴിവിൽ അംഗീകാരം നൽകിയത് പോലെയും (Exhibit P6) എന്റെ സ്കൂളിന്റെ സമീപത്ത് പ്രവർത്തിക്കുന്ന ഉമ്മന്നൂർ സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് വിഭാഗം വൊക്കേഷണൽ ടീച്ചർ ആയ ശ്രീമതി സരിത ജോർജിന് 2/6/2019 മുതൽ ദീർഘകാല അവധി ഒഴിവിനെ തുടർന്നുണ്ടായ സ്ഥിരം ഒഴിവിൽ നിയമന അംഗീകാരം നൽകിയത് പോലെയും (Exhibit P7), ചൊവ്വള്ളൂർ സെന്റ് ജോർജ്ജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഡൊമസ്റ്റിക് നേഴ്സിങ് വിഭാഗം വൊക്കേഷണൽ ടീച്ചർ ആയിരുന്ന ശ്രീമതി സ്വപ്ന എം. പണിക്കർ 1/8/2023 മുതൽ ജോലി രാജി വെച്ചതിനെ തുടർന്നുണ്ടായ എന്റെ സ്ഥിരം നിയമനവും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല എന്നും എന്റെ നിയമനം മുകളിൽ സൂചിപ്പിച്ച സമാന കേസുകളുടെ അടിസ്ഥാനത്തിൽ 1/8/2023 മുതൽ എന്റെ സ്കൂളിൽ രാജി മൂലം ഉണ്ടായ സ്ഥിരം തസ്തികയിൽ അംഗീകാരം ലഭിക്കുന്നതിന് എനിക്ക് പരിപൂർണ്ണ അർഹതതയുണ്ടെന്നും സവിനയം ബഹുമാനപ്പെട്ട സർക്കാരിനെ ബോധ്യപ്പെടുത്തട്ടെ.

ചൊവ്വള്ളൂർ സെന്റ് ജോർജ്ജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഡൊമസ്റ്റിക് നേഴ്സിംഗ് വിഭാഗം വൊക്കേഷണൽ ടീച്ചറായ ശ്രീമതി സ്വപ്ന എം. പണിക്കരുടെ ദീർഘകാല അവധി ഒഴിവിൽ 29/1/2013-ലാണ് ഞാൻ ആദ്യമായി എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സർവീസിൽ പ്രവേശിച്ചത്. അന്നുമുതൽ വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തോടെ 31/7/2023 വരെ ഒരു ദിവസത്തെ ബ്രേക്ക് പോലും ഇല്ലാതെ തുടർച്ചയായി ജോലി ചെയ്തു വന്നപ്പോഴാണ്, ഞാൻ ജോലി ചെയ്തു വന്നിരുന്ന തസ്തികയുടെ ഘടന, ദീർഘകാല അവധി ഒഴിവ് എന്നതു മാറി, 1/8/2023 മുതൽ ദീർഘകാല അവധി എടുത്ത അദ്ധ്യാപിക രാജിവച്ച് ഒഴിഞ്ഞതു മൂലം സ്ഥിരം ഒഴിവായി മാറിയതും എന്നെ മാനേജർ പ്രസ്തുത സ്ഥിരം ഒഴിവിൽ നിയമിക്കുകയും ചെയ്തത്. എന്റെ ജനനത്തീയതി 1974 ഏപ്രിൽ 9 ആണ്. ഇപ്പോൾ എനിക്ക് 49 വയസ്സ് കഴിഞ്ഞു. ഞാൻ ഇതിനകം യാതൊരു വിഘ്നവും ഇല്ലാതെ പത്തര വർഷം തുടർച്ചയായി വൊക്കേഷണൽ ടീച്ചർ ഇൻ ഡൊമസ്റ്റിക് നേഴ്സിങ്ങായി ചൊവ്വള്ളൂർ സെന്റ് ജോർജ്ജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ജോലി ചെയ്തു. സർവീസിന്റെ ഈ വൈകിയ വേളയിൽ എനിക്ക് മറ്റൊരു സ്ഥിരം നിയമനം തേടി പോകുവാൻ യാതൊരു അവസരവും ഇല്ല; മാത്രവുമല്ല, എന്റെ കേസിന് സമാനമായുള്ള, എന്റെ സ്കൂളിലെ തന്നെ MRDA

വൊക്കേഷണൽ ടീച്ചർ ആയി ജോലി ചെയ്തുവരുന്ന ശ്രീമതി M.R. ദിവ്യക്ക് നൽകിയ ആനുകൂല്യവും (Exhibit P6) ഉമ്മന്നൂർ സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗം ടീച്ചർ ആയ ശ്രീമതി സരിത ജോർജിന് നൽകിയ ആനുകൂല്യവും (Exhibit P7) സമാന അവസ്ഥയിലുള്ള എനിക്ക് നിഷേധിക്കുവാൻ കഴിയില്ല എന്ന കാര്യവും ഞാൻ ബഹുമാനപ്പെട്ട സർക്കാർ മുൻപാകെ വിനയപൂർവ്വം സമർപ്പിക്കുന്നു.

മാത്രവുമല്ല ദീർഘകാലം എയ്ഡഡ് സ്കൂളിൽ സേവനം ചെയ്തപ്പോൾ നിയമാനുസൃതം എനിക്ക് ലഭിക്കേണ്ട "Legitimate expectation" നിയമ വ്യവസ്ഥയുടെ ഭാഗമായതിനാൽ ആർക്കും അത് നിഷേധിക്കുവാനും കഴിയില്ല.

G.O.(Ms) No.124/2007/Gedn Dated 23/6/2007 പ്രകാരം (Exhibit P8 in WP(C)) സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾക്കുള്ള സ്പെഷ്യൽ റൂൾസ് താൽക്കാലികമായി എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ സർവീസിനും, പുതിയ എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി ചട്ടങ്ങൾ നടപ്പിലാക്കുന്നത് വരെ ബാധകമാക്കിയിട്ടുണ്ട്. ഈ സ്പെഷ്യൽ റൂളിൽ എങ്ങും താൽക്കാലിക നിയമനങ്ങളെക്കുറിച്ച് പരാമർശിക്കുന്നില്ല. മാത്രവുമല്ല, കഴിഞ്ഞ പതിനേഴ് വർഷങ്ങളായി G.O.(Ms) No.124/2007/Gedn dated 23/6/2007 നിലനിൽക്കുകയാണ്. താൽക്കാലികമായി എങ്കിലും സർക്കാർ വി.എച്ച്.എസ്.ഇ സ്കൂളുകൾക്കുള്ള സ്പെഷ്യൽ റൂൾസ് എയ്ഡഡ് മേഖലയ്ക്ക് കൂടി ബാധകമാക്കിയിരിക്കുന്നതിൽ താൽക്കാലികമോ ദിവസവേതനമോ ആയ നിയമനങ്ങളെ കുറിച്ച് യാതൊരു പരാമർശവും ഇല്ല. സർക്കാർ വി.എച്ച്.എസ്.ഇ.ക്കുള്ള സ്പെഷ്യൽ റൂൾ പ്രകാരം നിയമനാധികാരി സർക്കാരും / ഡയറക്ടറുമാണ്. എല്ലാ നിയമനങ്ങളും പ്രൊബേഷനറി ആയാണ് ആദ്യം നൽകുന്നത്. (അതായത് രണ്ട് വർഷത്തെ ഡ്യൂട്ടി മൂന്നു വർഷങ്ങൾക്കുള്ളിൽ) എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ നിയമന അധികാരി മാനേജർ ആണ്. അങ്ങനെയുള്ള സാഹചര്യത്തിൽ വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്ക് എയ്ഡഡ് മേഖലയിലും പ്രൊബേഷനറി ആയിട്ട് മാത്രമേ നിയമനം നൽകുവാൻ കഴിയൂ. കോൺട്രാക്ട് നിയമനമോ ദിവസവേതനനിയമനമോ സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്യുന്നില്ല എന്ന വസ്തുത കൂടി സവിനയം സർക്കാർ മുമ്പാകെ സമർപ്പിക്കട്ടെ.

എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ നിയമനങ്ങൾ മാനേജർമാർ KER

(Form 27) പ്രകാരമാണ് നടത്തേണ്ടത്. സഹതാപാർഹ നിയമനവും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ G.O.(Ms) No. 144/2003 dated 2/6/2003 പ്രകാരം ബാധകം ആക്കിയിട്ടുണ്ട്. (Exhibit P9 of WPC) ഇത് KER അധ്യായം XIV A Rule 51B-യ്ക്ക് സമാനമാണ്. സ്വാഭാവികമായും Rule 51A അധ്യായം XIV A എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി അദ്ധ്യാപകർക്കും ബാധകം ആക്കേണ്ടതാണ്. മാത്രവുമല്ല 10/10/2023-ലെ GO(P)No. 12/2023 പ്രകാരം (Exhibit P10) എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി ടീച്ചേഴ്സിന് റെഗുലറൈസേഷൻ നൽകുന്നതിന് മുമ്പ് അവധി ഒഴിവുകളിൽ ജോലി ചെയ്ത കാലയളവ് മുഴുവൻ ഇൻക്രിമെന്റിനും സമയബന്ധിത ഗ്രേഡ് പ്രമോഷനും ബാധകമാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ നിന്ന് തന്നെ അവധി ഒഴിവുകളിൽ ജോലി ചെയ്തുവരുന്ന എയ്ഡഡ് മേഖലയിലെ വൊക്കേഷണൽ ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ അവധി സേവന കാലയളവ് സ്ഥിരം ഒഴിവ് ഉണ്ടാകുമ്പോൾ സ്ഥിരം നിയമനം നൽകണമെന്ന സദുദ്ദേശ്യത്തോടെ തന്നെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതായി മാത്രമേ കാണുവാൻ കഴിയു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ചൊവ്വള്ളൂർ സെന്റ് ജോർജ്സ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ, വൊക്കേഷണൽ ടിച്ചർ ഇൻ ഡൊമസ്റ്റിക് നേഴ്സിങ് (ഇപ്പോൾ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്) ആയി 29/1/2013 മുതൽ 31/7/2023 വരെ ഉള്ള അംഗീകൃത അവധികാല ഒഴിവിലെ അംഗീകാരത്തിന് തുടർച്ചയായി 1/8/2023 മുതൽ നിലവിലുള്ള സ്ഥിരം ഒഴിവിൽ, സമാന കേസുകളിൽ (Exhibit P6 & P7 in the WPC) അംഗീകാരം നൽകിയത് പോലെ എന്റെ നിയമനത്തിനും അംഗീകാരം നൽകി ഉത്തരവാകണമെന്ന് ബഹുമാനപ്പെട്ട സർക്കാരിനോട് സവിനയം അപേക്ഷിക്കുന്നു.

**3. കോർപ്പറേറ്റ് മാനേജരുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

കൊല്ലം ജില്ലയിൽ ചൊവ്വള്ളൂർ സെന്റ് ജോർജ്ജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, കോട്ടയം ആസ്ഥാനമായുള്ള എം.എം.സി. കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾസ്-ന്റെ അധീനതയിലുള്ള ഒരു എയ്ഡഡ് സ്കൂളാണ്. ഈ മാനേജ്മെന്റിന്റെ മാനേജരായി ഞാൻ ചുമതല നിർവ്വഹിച്ചു വരുന്നു.

ചൊവ്വള്ളൂർ സെന്റ് ജോർജ്ജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഡൊമസ്റ്റിക് നേഴ്സിംഗ് വൊക്കേഷണൽ അധ്യാപികയായിരുന്ന ശ്രീമതി. സ്വപ്ന എം. പണിക്കർ വിദേശത്ത്

ജോലിക്കുവേണ്ടി ദീർഘകാല അവധി എടുത്ത ഒഴിവിൽ 29.01.2013 മുതൽ ശ്രീമതി. സുസൻ ജോർജ്ജ്-നെ നിയമിച്ചു. ടി നിയമനം 29.01.2013 മുതൽ 31.07.2013 വരെ പൊതുവിദ്യാഭ്യാസ ഹയർ സെക്കൻഡറി ഡയറക്ടറുടെ 15.04.2013-ലെ ഇ3/8120/2012 നമ്പർ ഉത്തരവു പ്രകാരം അംഗീകരിച്ചു. അവധിയിലായിരുന്ന ശ്രീമതി. സ്വപ്ന എം. പണിക്കർ അവധി 01.08.2013 മുതൽ 31.07.2018 വരെയും 01.08.2018 മുതൽ 31.07.2023 വരെയും ദീർഘിപ്പിച്ചതിനെ തുടർന്ന് ശ്രീമതി. സുസൻ ജോർജ്ജ്-നെ തന്നെ 01.08.2013 മുതൽ 31.07.2018 വരെയും 01.08.2018 മുതൽ 31.07.2023 വരെയും നിയമിച്ചു.

ടി നിയമനങ്ങളും വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറുടെ 15.03.2014-ലെ E3/8120/2012, 18.09.2018-ലെ E3/9522/18 എന്നീ ഉത്തരവുകൾ പ്രകാരം യഥാക്രമം അംഗീകരിച്ചു. 01.08.2023-മുതൽ അവധി കഴിഞ്ഞ് ശ്രീമതി. സ്വപ്ന എം. പണിക്കർ തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതിന് പകരം ടിയാൾ 01.08.2023-മുതൽ ജോലിയിൽ നിന്നും രാജിവച്ചു. ടി രാജി മാനേജ്മെന്റ് സ്വീകരിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.10.2023-ലെ E3/6680/23 നമ്പർ നടപടി ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി.സ്വപ്ന എം. പണിക്കർ-ടെ രാജി മൂലം ഉണ്ടായ ഒഴിവിൽ ഇതേ തസ്തികയിൽ 29.01.2013 മുതൽ 31.7.2023 വരെ തുടർച്ചയായി ജോലി ചെയ്തു വന്നിരുന്ന ശ്രിമതി. സൂസൻ ജോർജ്ജ്-നെ തന്നെ 01.08.2023 മുതൽ റഗുലറായി നിയമിച്ചു. നിയമനാംഗീകാരത്തിനുള്ള പ്രൊപ്പോസൽ വി.എച്ച്.എസ്.ഇ. കൊല്ലം അസി. ഡയറക്ടർ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചു. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 13.10.2023-ലെ E3/6680/23 നമ്പർ കത്ത് പ്രകാരം ടി പ്രൊപ്പോസൽ നിരസിച്ചിരിക്കുകയാണ്.

വൊക്കേഷണൽ അധ്യാപിക തസ്തികയിലേക്കുള്ള നിയമനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണെന്നും NSQF പ്രകാരമുള്ള ബന്ധപ്പെട്ട ജോബ് റോൾ നിഷ്കർഷിക്കുന്ന യോഗ്യത ഉള്ളവരും വ്യവസ്ഥാപിതമായ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെടുന്നതുമായ ഉദ്യോഗാർത്ഥികളെ ഒരു വർഷം ദൈർഘ്യമുള്ള താൽക്കാലിക നിയമനം നടത്താൻ 28.10.2021-ലെ G.O.MS)No.242/21/GEDN പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതിനാൽ അതുപ്രകാരം തുടർനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടാണ് ശ്രീമതി. സൂസൻ

ജോർജ്ജ്-ന്റെ നിയമനാംഗീകാര പ്രൊപ്പോസൽ മടക്കി നൽകിയിരിക്കുന്നത്.

29.01.2013 മുതൽ 31.07.2023-വരെ തുടർച്ചയായി അവധി ഒഴിവിൽ ജോലി ചെയ്ത ശ്രീമതി. സൂസൻ ജോർജ്ജ് കെ.ഇ.ആർ. അധ്യായം XIV A ചട്ടം 51-A പ്രകാരം പുനർനിയമിതാവകാശം നേടിയിട്ടുള്ളതാണ്. അവധി ഒഴിവിൽ നിയമിക്കപ്പെടുന്നവരുടെ നിയമനം പിന്നീടുണ്ടാകുന്ന First arising vacancy-യിൽ ക്രമവൽക്കരിച്ച നൽകണമെന്ന് 07.04.99-ലെ സ.ഉ.(കൈ)നം.275/1999/പൊ.വി.വ പ്രകാരം ഉത്തരവുള്ളതാണ്.

ഇതേ സ്കൂളിൽ ഒരു വൊക്കേഷണൽ ടീച്ചർ ( MRDA)- ടെ ഒരു ദീർഘകാല അവധി ഒഴിവിൽ 01.10.2007-മുതൽ 31.07.2018-വരെ ജോലി ചെയ്യുകയും തുടർന്ന് അവധിയിലായിരുന്ന അധ്യാപിക 01.08.2018 മുതൽ രാജി വയ്ക്കുകയും ടി രാജി ഒഴിവിൽ 01.10.07 മുതൽ 31.07.18 വരെ ജോലി ചെയ്ത ശ്രീമതി. ദിവ്യ എം. ആർ.നെ 01.08.2018-മുതൽ സ്ഥിരം ഒഴിവിൽ നിയമിക്കുകയും ടി നിയമനം 07.06.2023-ലെ സ.ഉ.(സാധാ)നം.3310/2023/GEdn പ്രകാരം അംഗീകരിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി. സൂസൻ ജോർജ്ജ്-ന്റെ 01.08.23 മുതലുള്ള നിയമനവും മേൽ വിവരിച്ചതിനു സമാനമായ നിയമനമാണ്. മാത്രമല്ല, ഉമ്മന്നൂർ സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഉണ്ടായിരുന്ന ഒരു ദീർഘകാല അവധി ഒഴിവിൽ ജോലി ചെയ്യുകയും അതിനെ തുടർന്ന് 02.06.2019-മുതൽ ഉണ്ടായ സ്ഥിരം ഒഴിവിൽ വൊക്കേഷണൽ ടീച്ചർ (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി. സരിതാ ജോർജ്ജ്-ന്റെ നിയമനവും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.10.21-ലെ E3/3578/2020 നമ്പർ നടപടി ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്. ശ്രീമതി. സൂസൻ ജോർജ്ജ്-ന്റെ നിയമനവും സമാന സ്വഭാവമുള്ളതാണ്. ശ്രീമതി.സൂസൻ ജോർജ്ജ്-ന്റെ ജനന തീയതി 09.04.1974 ആകയാൽ 50 വയസായതിനാൽ ഇനി പുതിയൊരു നിയമനത്തിന് സാധ്യതയില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി. സൂസൻ ജോർജ്ജ്-ന്റെ വൊക്കേഷണൽ ടീച്ചർ (DM) ആയിട്ടുള്ള 01.08.2023 മുതലുള്ള നിയമനം അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

**4. പൊതുവിദ്യാഭ്യാസ ഡയറക്ടർ (വി.എച്ച്.എസ്.ഇ) ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു :**

ഹർജിക്കാരിയായ ശ്രീമതി.സൂസൻ ജോർജ് ഈ വകുപ്പിലെ കൊല്ലം ജില്ലയിലെ ചൊവ്വല്ലൂർ സെന്റ് ജോർജ് വി.എച്ച്.എസ്. സ്കൂളിലെ (എയ്ഡഡ്) വൊക്കേഷണൽ ടീച്ചർ (ഡൊമസ്റ്റിക് നഴ്സിംഗ്) ആയിരുന്ന ശ്രീമതി.സ്വപ്ന എം.പണിക്കരുടെ LWA വേക്കൻസിയിൽ താൽക്കാലികമായി ജോലി നോക്കിവരികയായിരുന്നു. ഈ സ്കൂളിൽ 01.08.2023-ന് ശ്രീമതി. സ്വപ്ന എം. പണിക്കർ രാജി വച്ചതിനെത്തുടർന്ന് ഡൊമസ്റ്റിക് നഴ്സിംഗിൽ വൊക്കേഷണൽ ടീച്ചറുടെ ഒരു ഒഴിവ് നിലവിൽ വരുകയും ടിയാളുടെ രാജിക്കത്ത് സ്വീകരിച്ച മാനേജരുടെ നടപടി ഈ വകുപ്പ് അംഗീകരിച്ചിട്ടുള്ളതുമാണ്. 01.08.2023 മുതൽ നിലവിൽ വന്ന ഒഴിവിലേക്ക്, മാനേജർ ഹർജിക്കാരിയെ വൊക്കേഷണൽ ടീച്ചറായി സ്ഥിരമായി നിയമിക്കുകയും ചെയ്തിട്ടുള്ളതാണ്. സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ NSQF നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്, വൊക്കേഷണൽ വിഭാഗത്തിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തുടങ്ങിയ പോസ്റ്റുകളിലേക്കുള്ള നിയമനം സ.ഉ.(കൈ) നം.56/2018/പൊ.വി.വ തീയതി 9.05.2018, സർക്കാർ കത്ത് നം. 155/എസ്.സി3/2018/പൊ.വി.വ തീയതി 14.06.2018, സർക്കാർ കത്ത് നം. GEDN-SC2/287/2018/GEDN തീയതി 19.01.2019 പ്രകാരം നിരോധിച്ചിട്ടുള്ളതിനാൽ ടി ഹർജിക്കാരിയുടെ നിയമനം ഈ വകുപ്പിൽ നിന്നും നിരസിച്ചിട്ടുള്ളതാണ്. വൊക്കേഷണൽ വിഭാഗത്തിലെ നിയമനങ്ങൾ ടി ഉത്തരവുകൾ പ്രകാരം നിരോധിച്ചിട്ടുള്ളതിനാൽ നിലവിൽ വന്ന വൊക്കേഷണൽ ടീച്ചർ ഒഴിവിലേക്ക് ഹർജിക്കാരെ സ്ഥിരമായി നിയമിച്ച, മാനേജരുടെ നടപടി നിരസിക്കാൻ ഈ വകുപ്പ് സ്വീകരിച്ച നിലപാട് ക്രമത്തിലാണെന്നും ഹർജിക്കാരിയുടെ വാദം അടിസ്ഥാനരഹിതവുമാണെന്നറിയിക്കുന്നു.

ടി ഒഴിവിലേക്ക് ഹർജിക്കാരിയെ മാനേജർ നിയമിച്ചത് ഈ വകുപ്പിന്റെ മുൻകൂർ അനുമതിയോ, അറിവോ ഇല്ലാതെയാണ്. സ്വന്തം താൽപര്യ പ്രകാരം നിയമനം നടത്തിയശേഷം, മാനേജർ നിയമനം ക്രമപ്പെടുത്തുന്നതിനായി അസിസ്റ്റന്റ് ഡയറക്ടർ കൊല്ലം റീജിയണൽ ഓഫീസറെ സമീപിക്കുകയും, ടി നിയമന നടപടി ക്രമപ്രകാരമല്ലാത്തതിനാൽ, ടി പ്രൊപ്പോസൽ ഈ വകുപ്പ് തള്ളുകയും ചെയ്തിരുന്നു. മാനേജരുടെ സ്വമേധയായുള്ള നടപടി വസ്തുതാവിരുദ്ധവും, നിയമത്തിന്റെ യാതൊരു പിന്തുണയുമില്ലാത്തതുമാണ്. ആയതിനാൽ ടി നിയമനം അസാധുവാണ്.

സർക്കാർ ഉത്തരവ് (കൈ) നം. 56/2018/പൊ.വി.വ തീയതി 09.05.2018 പ്രകാരം നിലവിൽ 9 സ്കിൽ സെക്ടറുകളിലുള്ള 12 ജോബ് റോളുകൾ 66 സർക്കാർ തൊഴിലധിഷ്ഠിത

ഹയർ സെക്കൻഡറി സ്കൂളുകളിൽ തുടങ്ങാൻ ഉത്തരവായിരുന്നു. സ.ഉ.(കൈ)നം.132/2020/പൊ.വി.വ തീയതി 28.07.2020 പ്രകാരം സംസ്ഥാനത്തെ ബാക്കിയുള്ള സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ കൂടി NSQF പാഠ്യപദ്ധതി നടപ്പിലാക്കി ഉത്തരവായിരുന്നു. ഹർജിക്കാരി ജോലി ചെയ്തിരുന്ന വി.എച്ച്.എസ്. സ്കൂൾ ഉൾപ്പെടെ കേരളത്തിലെ എല്ലാ വി.എച്ച്.എസ്. സ്കൂളുകളിലും NSQF പാഠ്യപദ്ധതിക്ക് അനുസൃതമായുള്ള ജോബ് റോളുകളിൽ മാറ്റം വരുകയുണ്ടായി. NSQF കരിക്കുലം അനുസരിച്ച് ഓരോ കോഴ്സുകളും പരമാവധി 3 വർഷം മാത്രം കാലാവധിയുള്ളതാണ്. 3 വർഷത്തിനുശേഷം ഇൻഡസ്ട്രിയിലെ മാറ്റങ്ങൾക്ക് അനുസരിച്ച് കോഴ്സുകൾ ഇല്ലാതാവുകയോ, പുനർനിർമ്മിക്കുകയോ, കൂട്ടിച്ചേർക്കുകയോ ചെയ്ത് പുതിയ കോഴ്സുകളായിട്ടാണ് അവതരിപ്പിക്കുന്നത്. ആയതിനാൽ ഒരു നിശ്ചിത ജോബ് റോളിൽ (കോഴ്സിൽ) സ്ഥിരമായി അധ്യാപകരെ നിയമിക്കുന്നത് സാധ്യമല്ല. 3 വർഷം കഴിയുമ്പോഴോ ടി കോഴ്സ് ഇല്ലാതാകുമ്പോഴോ ഇത്തരം അധ്യാപകരെ പിരിച്ചുവിടേണ്ട സാഹചര്യം സംജാതമാവുകയും കൂടുതൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമാവുകയും, സർക്കാരിന് അധിക സാമ്പത്തികഭാരം ഉണ്ടാവുകയും ചെയ്യും. മേൽപ്പറഞ്ഞതിന്റെ ഫലമായി ടി സ്കൂളിലെ ഡൊമസ്റ്റിക് നഴ്സിംഗ് എന്ന കോഴ്സിന് മാറ്റം വരുകയും, NSQF പാഠ്യപദ്ധതിക്കനുസൃതമായ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് എന്ന കോഴ്സായി മാറ്റം സംഭവിക്കുകയും ചെയ്തു. NSQF പാഠ്യപദ്ധതി പ്രകാരം മുഴുവൻ സമയ കരാർ അധ്യാപകരുടെയും, പരിശീലകരുടെയും, ഗസ്റ്റ് ഫാക്കൽറ്റികളുടെയും സഹായത്തോടെ വൊക്കേഷണൽ കോഴ്സുകൾ നടത്തുന്നതിനെക്കുറിച്ച് ചിന്തിക്കുന്നു. ഇൻഡസ്ട്രിയിലെയും ആഗോളതലത്തിൽ മാറിക്കൊണ്ടിരിക്കുന്ന വിപണിയിലെയും സാധ്യതക്കനുസരിച്ച് തൊഴിലധിഷ്ഠിത കോഴ്സുകളുടെ സ്വഭാവം മാറുന്നുവെന്ന കാരണത്താലാണ് അധ്യാപകരെ/പരിശീലകരെ സ്ഥിരമായി നിയമിക്കാത്തത്. ഇക്കാരണത്താലാണ് വി.എച്ച്.എസ് സ്കൂളുകളിലെ വൊക്കേഷണൽ വിഭാഗത്തിലെ എല്ലാ സ്ഥിര നിയമനങ്ങളും 9.5.2018 മുതൽ താൽക്കാലികമായി നിരോധിച്ചിട്ടുള്ളത്. NSQF പാഠ്യപദ്ധതി പ്രകാരം അതാത് ഇൻഡസ്ട്രിയിൽ നിന്നും ഒരു ഗസ്റ്റ് ഫാക്കൽറ്റിയെ മാത്രമേ അനുവദിക്കുന്നുള്ളൂ.

NSQF-ൽ അനുസൃതമായ തൊഴിലധിഷ്ഠിത കോഴ്സുകളും പരിശീലനവും പുനരവലോകനം ചെയ്യേണ്ടതുണ്ടെന്ന വസ്തുത പ്രത്യേകം പരാമർശിച്ച് കൊണ്ട് സർക്കാർ സ.ഉ.(കൈ)നം.242/2021/പൊ.വി.വ തീയതി 28.10.2021 പുറപ്പെടുവിച്ചു. തൊഴിൽ മേഖലയിലെ മാറ്റങ്ങളോടെ കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിന് മാത്രമേ, ടി ഉത്തരവ് ബാധകമാകൂ.

കേരളത്തിലെ സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ വിവിധ കാരണങ്ങളാൽ (റിട്ടയർമെന്റ്, രാജി, മരണം, സ്ഥാനക്കയറ്റം, നീക്കം ചെയ്യൽ, അച്ചടക്ക നടപടികൾ തുടങ്ങിയവ) ഉണ്ടാകുന്ന എല്ലാ വൊക്കേഷണൽ ടീച്ചർ ഒഴിവുകളിലും, NSQF മാനദണ്ഡങ്ങൾക്കനുസൃതമായി യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് പ്രസക്തമായ തൊഴിൽ റോളുകളോടെ പരമാവധി ഒരു അധ്യയനവർഷകാലാവധിയുള്ള കരാർ നിയമനം അനുവദനീയമാണെന്ന് ടി ഉത്തരവിൽ പരാമർശിക്കുന്നുണ്ട്. അത്തരത്തിലുള്ള നിയമനങ്ങൾ ഒരു വർഷത്തിനപ്പുറം നീണ്ടുനിൽക്കില്ല. ആയതിന്റെ വേതനം സർക്കാർ നിശ്ചയിക്കുന്നത് പോലെ ദിവസവേതനമോ, പ്രതിമാസവേതനമോ ആയിരിക്കും. NSQF സ്കീം അനുസരിച്ച് കോഴ്സ് നടത്തിപ്പിനുമാത്രം ആവശ്യമുള്ള, തികച്ചും വൊക്കേഷണൽ ടീച്ചർമാരുടെ നിയമനത്തെ സംബന്ധിച്ചാണ് ടി സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ വൊക്കേഷണൽ ടീച്ചർ തസ്തികയിൽ സ്ഥിരനിയമനം വേണമെന്ന ഹർജിക്കാരിയുടെ ആവശ്യം പരിഗണിക്കാനാകില്ല.

NSQF പാഠ്യപദ്ധതി നടപ്പിലാക്കിയതോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും വൊക്കേഷണൽ അധ്യാപക തസ്തികകൾ അധികമാണെന്നും അധ്യാപകരുടെ വിരമിക്കൽ വരെ മാത്രമേ തസ്തികകൾ നിലനിൽക്കുന്നുവെന്നുള്ള വസ്തുത ശ്രദ്ധേയമാണ്.

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ഓരോ വൊക്കേഷണൽ വിഭാഗത്തിലും ജോലിഭാരം പങ്കിടാൻ ടെക്നിക്കൽ യോഗ്യതയുള്ള 2 പേരുണ്ട്. (വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ). പുതുക്കിയ VHSE-NSQF കോഴ്സുകളുടെ പ്രവർത്തനസമയം 300 മണിക്കൂറായി ഏകീകരിക്കുകയും അതിൻപ്രകാരം വൊക്കേഷണൽ ടീച്ചർമാർക്കും വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്കും ആഴ്ചയിൽ 8.5 മണിക്കൂർ മാത്രമാണ് ജോലിയുള്ളത് (തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ). ആയത് പ്രകാരം കോഴ്സിന്റെ പ്രവൃത്തി ദിവസങ്ങൾ പുന:ക്രമീകരിച്ചിട്ടുള്ളതാണ്. അതിനാൽ സ്ഥിരാടിസ്ഥാനത്തിലുള്ള വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്കുള്ള ഹർജിക്കാരിയുടെ അപേക്ഷ ഉൾപ്പെടെയുള്ള യാതൊരു നിയമനവും സാധ്യമല്ലാത്തതും ഇത് സർക്കാരിന് അധിക സാമ്പത്തികബാധ്യത ഉണ്ടാക്കുന്നതുമാണെന്നറിയിക്കുന്നു.

അതിനാൽ മാനേജരുടെ നടപടി നിയമവിരുദ്ധവും ക്രമരഹിതവും, നിരുത്തരവാദപരവും, ഏകപക്ഷീയവുമാണ്. മാനേജർ നടത്തിയ ഹർജിക്കാരിയുടെ നിയമനം അസാധുവും,

ഹർജിക്കാരിയുടെ ആവശ്യം നിരസിക്കാവുന്നതുമാണ്.

**5**. സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ VT in General Duty Assistant തസ്തികയിലെ സ്ഥിരം ഒഴിവിലെ 01.08.2023 മുതലുള്ള നിയമനത്തിന് അംഗീകാരം നൽകണമെന്നതാണ് ആവശ്യം. VT in Domestic Nursing ശ്രീമതി. സ്വപ്ന എം. പണിക്കരുടെ 01.08.2008 മുതൽ 31.07.2023 വരെയുള്ള ശൂന്യവേതനാവധിയിൽ ഹർജിക്കാരിയെ 29.01.2013 മുതൽ നിയമിക്കുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട് (EXT P1 & P2). ശൂന്യവേതനാവധി 31.07.2023-ന് അവസാനിച്ചുവെങ്കിലും ശ്രീമതി. സ്വപ്ന ജോലിയിൽ പ്രവേശിക്കാതെ രാജിക്കത്ത് സമർപ്പിക്കുകയും മാനേജർ ടിയാരിയുടെ രാജി അംഗീകരിക്കുകയും ഹർജിക്കാരിക്ക് 01.08.2023 മുതൽ ടി തസ്തകിയിൽ സ്ഥിരം നിയമനം നൽകുകയും ചെയ്തു (EXT P3).

**6**. സർക്കാർ കത്ത് നം.155/SC3/2018/GEDN dated 14.06.2018 പ്രകാരം വൊക്കേഷണൽ അധ്യാപക നിയമനം താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നതിനാലും, G.O.(Ms)No. 242/2021/GEDN dated 28.10.2021 പ്രകാരം NSQF പ്രകാരമുള്ള ജോബ് റോൾ നിഷ്കർഷിക്കുന്ന യോഗ്യത ഉള്ളവരും വ്യവസ്ഥാപിതമായ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരുമായ ഉദ്യോഗാർത്ഥികളെ പരമാവധി ഒരു വർഷം ദൈർഘ്യമുള്ള താൽക്കാലിക നിയമനം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിനാലും ടിയാരിയുടെ നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചുവെന്നും ; G.O.(Ms)No. 56/2018/GEDN dated 09.05.2018 പ്രകാരം, 9 സ്കിൽ സെക്ടറുകളിലുള്ള 12 ജോബ് റോളുകൾ 66 സർക്കാർ vocational higher secondary സ്കൂളുകളിൽ തുടങ്ങാൻ ഉത്തരവാകുകയും, G.O.(Ms)No.132/2020/പൊ.വി.വ. തീയതി 28.07.2020 പ്രകാരം ബാക്കിയുള്ള സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ കൂടി NSQF പാഠ്യപദ്ധതി നടപ്പിലാക്കുകയും ചെയ്തതിനാൽ ഒരു നിശ്ചിത ജോബ് റോളിൽ സ്ഥിരമായി അധ്യാപകരെ നിയമിക്കുവാൻ സാധ്യമല്ലെന്നും, 3 വർഷം കഴിയുമ്പോഴോ, ടി കോഴ്സ് ഇല്ലാതാകുമ്പോഴോ ഇത്തരം അധ്യാപകരെ പിരിച്ചുവിടേണ്ട സാഹചര്യം സംജാതമാവുമെന്നും, അത് കൂടുതൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമാവുകയും സർക്കാരിന് അധിക ബാധ്യത വരുത്തുകയും ചെയ്യുമെന്നും, VHS സ്കൂളുകളിൽ വൊക്കേഷണൽ വിഭാഗത്തിലെ എല്ലാ സ്ഥിര

നിയമനങ്ങളും 09.05.2018 മുതൽ താൽക്കാലികമായി നിരോധിച്ചിട്ടുണ്ടെന്നും ; NSQF പാഠ്യപദ്ധതി പ്രകാരം ഗസ്റ്റ് ഫാക്കൽറ്റിയെ മാത്രമേ അനുവദിക്കുന്നുള്ളൂവെന്നും, ഇക്കാരണത്താൽ ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുവാൻ കഴിയില്ലെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

**7.** ബഹു. കോടതി വിധിന്യായത്തിൽ പരാമർശിച്ചിട്ടുള്ള പ്രകാരം EXT P6 (G.O.Rt)No.3310/2023/GEDN dated 07.06.2023) പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ അതേ സ്കൂളിലെ തന്നെ Vocational Teacher (MRDA) ആയ ശ്രീമതി. ദിവ്യ എം.ആർ.ന് 01.08.2018 മുതൽ സ്ഥിരനിയമനം അംഗീകരിച്ചു നൽകിയിട്ടുണ്ട്. അതുപോലെ തന്നെ, EXT P7 (ഉത്തരവ് നം. ഇ3/3578/2020 dated 25.10.2021 of DGE) പ്രകാരം ഉമ്മന്നൂർ സെന്റ് ജോൺസ് VHSS-ലെ VT (Computer Application) ആയ ശ്രീമതി. സരിത ജോർജ്ജിന്റെ സ്ഥിര ഒഴിവിലെ നിയമനം, 09.11.1999-ലെ സ.ഉ.(കൈ)നം.275/99/GEDN പ്രകാരം, അവധി ഒഴിവിൽ നിയമിക്കപ്പെടുന്നവരുടെ നിയമനം പിന്നീടുണ്ടാകുന്ന first arising vacancy-യിൽ ക്രമവൽക്കിരിച്ചു നൽകാമെന്ന് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, 02.06.2019 മുതൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

**8.** മേൽ സാഹചര്യത്തിൽ, ശ്രീമതി. സ്വപ്ന എം. പണിക്കറുടെ അവധി ഒഴിവിൽ 29.01.2013 മുതൽ 31.7.2023 വരെ തുടർച്ചയായി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി. സൂസൻ ജോർജ്ജിനെ, ശ്രീമതി. സ്വപ്ന എം. പണിക്കറുടെ രാജി മൂലം ഉണ്ടായ ഒഴിവിൽ 01.08.2023 മുതൽ റഗുലറായി നിയമിച്ചതിന്റെ അടിസ്ഥാനത്തിലും. സമാനമായ കേസുകളിൽ നേരത്തേ അവധി ഒഴിവിൽ നിയമിക്കപ്പെട്ടവർക്ക് പിന്നീട് റഗുലർ നിയമനം ലഭിച്ചപ്പോൾ അംഗീകാരം നൽകിയിട്ടുള്ളതിനാലും, ശ്രീമതി.സൂസൻ ജോർജ്ജിന്റെ 01.08.2023 മുതലുള്ള സ്ഥിരം ഒഴിവിലെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കാവുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ (വിഎച്ച്എസ്ഇ)ക്ക് നിർദ്ദേശം നൽകിക്കൊണ്ട്, ടിയാൾ ഫയൽ ചെയ്ത 25.10.2023 തീയതിയിലെ പുന:പരിശോധനാ ഹർജി (EXT P5) തീർപ്പാക്കി, അപ്രകാരം WP(C)No.39299/2023-ന്മേൽ ബഹു. ഹൈക്കോടതി പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

പകർപ്പ്: അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അസിസ്റ്റന്റ് ഡയറക്ടർ(വി.എച്ച് .എസ്.ഇ), തിരുവനന്തപുരം.

ശ്രീമതി. സൂസൻ ജോർജ്ജ്, വൊക്കേഷണൽ ടീച്ചർ ഇൻ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, സെന്റ്

ജോർജ്ജ് വി.എച്ച്.എസ്.എസ്., കൊല്ലം.

മാനേജർ, സെന്റ് ജോർജ്ജ് വി.എച്ച്.എസ്.എസ്., കൊല്ലം.

പൊതുവിദ്യാഭ്യാസ (ജെ-എ) വകുപ്പ് (No.JA2/82/2024-GEDN
Dated.25/03/2024 പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shahna Kumari S L
Date: 18-04-2024 10:54:41
സെക്ഷൻ ഓഫീസർ